**പതിനാലാം കേരള നിയമസഭാ**
**അഞ്ചാം സമ്മേളനം**

**ചോദ്യം നം. T 2066 05.05.2017-ലെ മറുപടിക്ക്**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. ഹൈബി ഈഡൻ | ശ്രീ. എ. കെ. ബാലൻ<br>ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
| (എ) സർക്കാർ സർവ്വീസിൽ ജോലി നോക്കി വരവെ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ സംസ്ഥാനം വിട്ട് പുനയിലെ ഭാരതീയ വിദ്യാപീഠ് ഡീംഡ് യൂണിവേഴ്സിറ്റിയിൽ റഗുലറായി എൽ.എൽ.ബി കോഴ്സ് പഠിക്കുകയും, ഇത് മറച്ചുവച്ച് പ്രസ്തുത കാലയളവിൽ ശമ്പളവും ആനുകൂല്യങ്ങളും കൈപ്പറ്റി പെരുമാറ്റ ദൂഷ്യത്തിന് നടപടി നേരിട്ട ഉദ്യോഗസ്ഥൻ ഇപ്പോഴും സെക്രട്ടേറിയറ്റ് നിയമവകുപ്പിൽ ജോലിയിൽ തുടരുന്നുണ്ടോ; | പൂനയിലെ ഭാരതീയ വിദ്യാപീഠ് ഡീംഡ് സർവ്വകലാശാലയിൽ നിന്നു റഗുലർ എൽ.എൽ.ബി. കോഴ്സ് പഠിച്ചുകൊണ്ടിരിക്കെ തിരുവനന്തപുരം ദന്തൽ കോളേജിൽ വാച്ച്മാൻ തസ്തികയിൽ ജോലി ലഭിക്കുകയും തുടർകാലയളവിൽ പ്രസ്തുത ഉദ്യോഗസ്ഥൻ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ പഠിക്കുകയുണ്ടായി. മേൽ പ്രവൃത്തിയോടനുബന്ധിച്ച് പ്രസ്തുത ഉദ്യോഗസ്ഥന് എതിരെ അച്ചടക്കനടപടി സ്വീകരിക്കുകയും ആയത് ടിയാന്റെ രണ്ട് വാർഷിക ശമ്പള വർദ്ധനവ് ഭാവി ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് ഉത്തരവായിട്ടുള്ളതുമാണ്. ടിയാൻ ഇപ്പോൾ സെക്രട്ടേറിയറ്റ് നിയമ വകുപ്പിൽ സെക്ഷൻ ഓഫീസറായി ജോലി ചെയ്യുന്നു. |
| (ബി) എങ്കിൽ ഇയാളുടെ ഇപ്പോഴത്തെ ഔദ്യോഗിക പദവി എന്താണെന്ന് വെളിപ്പെടുത്തുമോ; | ഇയാൾ ഇപ്പോൾ നിയമ വകുപ്പിൽ സെക്ഷൻ ഓഫീസർ ആയി ജോലി ചെയ്യുന്നു. |

| | |
|---|---|
| (സി) മഹാരാഷ്ട്രയിൽ റെഗുലർ പഠനവും അതേ കാലയളവിൽ കേരളത്തിൽ ജോലിയും ചെയ്ത ഇയാൾ സർക്കാരിനെ കബളിപ്പിച്ചതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; കണ്ടെത്തിയെങ്കിൽ ഇയാൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ; | സർക്കാരിനെ കബളിപ്പിച്ചതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല. എന്നാൽ ടിയാന്റെ പ്രവൃത്തി അച്ചടക്കരാഹിത്യവും കൃത്യവിലോപവുമാണെന്ന് അന്വേഷണത്തിൽ കണ്ടെത്തുകയുണ്ടായി. തുടർന്ന് ഇയാൾക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ച് തീർപ്പാക്കിയിട്ടുള്ളതാണ്. |
| (ഡി) ഈ ഉദ്യോഗസ്ഥനെ സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നതിനുള്ള നടപടിയുടെ ഭാഗമായി മുൻ സർക്കാർ പി.എസ്.സി.യുടെ ഉപദേശം തേടിയിരുന്നോ; പിരിച്ചുവിടാൻ നിയമപരമായി തടസ്സമില്ലെന്ന് പി.എസ്.സി. അഭിപ്രായപ്പെട്ടിരുന്നോ; എങ്കിൽ പി.എസ്.സി.യുടെ അഭിപ്രായക്കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ; | ഈ ഉദ്യോഗസ്ഥനെ സർവ്വീസിൽ നിന്നു നീക്കം ചെയ്യുന്നതിനായി മുൻ സർക്കാർ പി.എസ്.സി. യുടെ ഉപദേശം തേടിയിരുന്നു. എന്നാൽ 27.08.2013 ന് ടിയാന് നൽകിയ കാരണം കാണിക്കൽ നോട്ടീസ് നിയമപരമായി നിലനിൽക്കുന്നതല്ലെന്നും പ്രസ്തുത കാരണം കാണിക്കൽ നോട്ടീസ് റദ്ദാക്കി കൊണ്ട് definite charge frame ചെയ്തു നൽകിയ 05.01.2011 ലെ മെമ്മോയിൽ കാണിച്ചിട്ടുള്ള കുറ്റാരോപണങ്ങളുടെ അടിസ്ഥാനത്തിലും അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലും കാരണം കാണിക്കൽ നോട്ടീസ് പുതുക്കി നൽകി സർക്കാർ താത്കാലികമായി തീരുമാനിച്ചിട്ടുള്ള ശിക്ഷ നൽകി അച്ചടക്കനടപടി തീർപ്പാക്കുന്നതിന് നിയമ തടസ്സം ഇല്ലാത്തതാണെന്ന് പി.എസ്.സി അഭിപ്രായപ്പെട്ടിട്ടുണ്ട്. പി.എസ്.സി. യുടെ അഭിപ്രായത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ഇ) പി.എസ്.സി.യുടെ അഭിപ്രായം അംഗീകരിച്ച് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | പി.എസ്.സി. യുടെ അഭിപ്രായം അംഗീകരിച്ച് പുതുക്കിയ Show Cause Notice 09.05.2016 ന് ഇദ്ദേഹത്തിന് നൽകി തുടർ നടപടി സ്വീകരിച്ചിട്ടുള്ളതാണ്. |

| | |
|---|---|
| (എഫ്) ഈ ഉദ്യോഗസ്ഥനെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ശിക്ഷ സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | ഈ ഉദ്യോഗസ്ഥന്റെ രണ്ട് വർഷത്തെ വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പ് കൽപിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

841 Adm II

545

Website: www.keralapsc.gov.in

e- mail: kpsc.psc@kerala.gov.in
☎ 0471- 2546355

# കേരള പബ്ലിക് സർവീസ് കമ്മീഷൻ

നം. AI(3) 10604/14/GW

തിരുവനന്തപുരം,
തീയതി: 06/01/2016

പ്രേഷിതൻ

സെക്രട്ടറി
കേരള പബ്ലിക് സർവീസ് കമ്മീഷൻ
പട്ടം, തിരുവനന്തപുരം

സ്വീകർത്താവ്

നിയമ സെക്രട്ടറി
നിയമഭരണ II(2)വകുപ്പ്
ഗവൺമെൻറ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

സർ,

വിഷയം:- ശ്രീ.ജി.ഗിരിഷ്കുമാർ,അസിസ്റ്റൻറ് ലീഗൽ ഓഫീസർക്കെതിരായ അച്ചടക്ക നടപടി സംബന്ധിച്ച്

സൂചന:- സർക്കാർ കത്ത് നമ്പർ 23721/ഭരണII(2)/2010/നിയമം തീയതി 18/08/2014

*********

സൂചന കത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് സർക്കാരിനെ ചുവടെപ്പറയും പ്രകാരം അറിയിച്ചുകൊള്ളുന്നു.

15/11/2001മുതൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ തിരുവനന്തപുരം ഡെൻറൽ കോളേജിൽ വാച്ച്മാൻ ആയി ജോലി നോക്കുകയും തുടർന്ന് 31/03/2005ൽ നിയമവകുപ്പിൽ പ്യൂൺ ആയി നിയമിതനാകുകയും അതിനുശേഷം നിയമവകുപ്പിൽ തന്നെ പൂനയിലെ ഭാരതി വിദ്യാപീഠം Deemed Universityയിൽ നിന്നും 2001-2004 കാലയളവിൽ റഗുലറായി പഠിച്ച് കരസ്ഥമാക്കിയ നിയമബിരുദ സർട്ടിഫിക്കറ്റിൻെറ പിൻബലത്തിൽ ലീഗൽ അസിസ്റ്റൻറ് ഗ്രേഡ്.II തസ്തികയിൽ 15/07/2008 മുതൽ നിയമിക്കപ്പെടുകയും ചെയ്ത ശ്രീ.ജി.ഗിരീഷ്കുമാറിനെതിരെ ടിയാൻ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ജോലി ചെയ്തു വന്ന സന്ദർഭത്തിൽ സർക്കാരിൻെറ അനുമതി കൂടാതെയും പഠനാവശ്യത്തിന് അവധിയെടുക്കാതെയുമാണ്

പ്രസ്തുത നിയമ ബിരുദം നേടിയതെന്ന കുറ്റം ആരോപിച്ച് സർക്കാർ KCS(CC&A) Rule1960 പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുകയും നടപടിക്രമങ്ങൾ പൂർത്തിയാക്കിയ ശേഷം KCS(CC&A)ചട്ടങ്ങളിലെ ചട്ടം.11 ഉപചട്ടം vii പ്രകാരം ടിയാനെ സർക്കാർ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകാതിരിക്കുന്നതിന് യാതൊരുവിധ കാരണവും നിയമവശാലോ കാര്യവശാലോ കാണുന്നില്ലായെന്ന് അറിയിക്കുകയും ആയത് സംബന്ധിച്ച് കമ്മീഷന്റെ ഉപദേശം ആരായുകയും ചെയ്തു.

ഈ കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച കമ്മീഷൻ ചുവടെപ്പറയും പറയുന്ന വിലയിരുത്തലുകൾ/നിരീക്ഷണങ്ങൾ നടത്തി.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം ഡെൻറൽ കോളേജിൽ വാച്ചുമാനായി ജോലി നോക്കിവരവെ, നിയമാനുസൃതമുള്ള അവധി എടുക്കാതെയും സർക്കാരിന്റെ അനുമതി ഇല്ലാതെയുമാണ് താൻ പൂനയിലെ ന്യൂ ലോകോളേജ്, ഭാരതീയ വിദ്യാപീഠം എന്ന Deemed Universityയിൽ റഗുലറായി പഠിച്ച് തൃവത്സര എൽ.എൽ.ബി കോഴ്സ് പൂർത്തിയാക്കിയതും നിയമ ബിരുദം കരസ്ഥമാക്കിയതെന്നും കുറ്റാരോപിതനായ ശ്രീ.ഗിരീഷ്കുമാർ ടിയാനു നൽകിയ 05/01/2011ലെ ചാർജ്ജു മെമ്മോയ്ക്കുള്ള പ്രതിവാദ പത്രികയിൽ സമ്മതിച്ചിട്ടുണ്ട്. മാത്രമല്ല,താൻ കുറ്റം സമ്മതിച്ച സാഹചര്യത്തിൽ, ചട്ടം 15(2)പ്രകാരമുള്ള വിശദമായ അന്വേഷണം ആവശ്യമില്ലെന്നും ബോധിപ്പിച്ചിരിക്കുന്നു. എങ്കിൽ തന്നെയും, ടിയാന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള വീഴ്ചയുടേയും പെരുമാറ്റ ദൂഷ്യത്തിന്റേയും ഗൗരവം ബോദ്ധ്യപ്പെട്ട സർക്കാർ ടിയാനെ സർവീസിൽ നിന്നും സസ്പെൻറു ചെയ്യുകയും അച്ചടക്ക നടപടി തുടരുകയും ചെയ്തു. ടിയാനെതിരെ ചട്ടം 15 പ്രകാരം കഠിനശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി സ്വീകരിക്കുകയും എൻക്വയറി ഓഫീസറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ടിയാനെതിരെയുള്ള ആരോപണങ്ങൾ തെളിഞ്ഞതായും ടിയാൻ പൂനയിൽ റഗുലർ കോഴ്സിനു പഠിക്കുന്ന സമയത്ത് തന്നെ ഡെൻറൽ കോളേജിൽ ഡ്യൂട്ടിയ്ക്ക് ഹാജരായതായി രജിസ്റ്ററിൽ കൃത്രിമമായി ഒപ്പു രേഖപ്പെടുത്തുകയും പൂർണ്ണ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും, കൈപ്പറ്റിയതായും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ടിയാന്റെ ഭാഗത്തു ന്നിന്നും പെരുമാറ്റ ദൂഷ്യവും(misconduct)കൃത്യനിർവ്വഹണത്തിൽ വീഴ്ചയും ഉണ്ടായതായും അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്.

അതീവ ഗുരുതരമായ കുറ്റങ്ങളാണ് ടിയാന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളതെന്നു കാണാം. " Government servants conduct Rule, 1960 (3) പ്രകാരം" Every Government servants shall at all times maintain absolute integrity and devotion to duty എന്ന് അസന്നിഗദ്ധമായി പറയുന്നു.ഈ വ്യവസ്ഥ ടിയാൻ ലംഘിച്ചിരിക്കുകയാണ്. ഭരണഘടനയുടെ 309-ാം അനുഛേദം വിനിയോഗിച്ചു കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള Government Conduct Rulesന്റെ ലംഘനം നിയമലംഘനമാണെന്ന് വിവിധ കോടതികൾ കണ്ടെത്തിയിട്ടുണ്ട്.(eg.KLT 86:2007(3)KLJ 358)സർക്കാരിനെ വഞ്ചിക്കൽ, കൃത്രിമ രേഖയുണ്ടാക്കൽ, അനധികൃതമായി സർക്കാർ പണം തട്ടിയെടുക്കൽ തുടങ്ങി ക്രിമിനൽ സ്വാഭാവമുള്ള കുറ്റങ്ങളും തെളിയിക്കപ്പെട്ടിട്ടുണ്ട്. ടിയാന്റെ മേൽപ്രവൃത്തികൾ കഠിനമായ ശിക്ഷ അർഹിക്കുന്ന കുറ്റങ്ങൾ തന്നെയാണ്. മാത്രമല്ല ഇങ്ങനെയുള്ള ഒരാൾ സർക്കാർ സർവീസിൽ തുടരുന്നത് സർവീസിനു തന്നെ കളങ്കവുമാണ്. നിയമത്തിലുള്ള അഞ്ജത കൊണ്ടാണ് ഗൗരവമായ വീഴ്ചകൾ തന്റെ ഭാഗത്തു നിന്നും ഉണ്ടായതെന്ന് ഒരു നിയമബിരുദധാരി വാദിക്കുന്നത് വ്യവസ്ഥാപിത നിയമത്തെ തന്നെ അവഹേളിക്കുന്നതിനു തുല്യമാണ്.

എൻക്വയറി റിപ്പോർട്ടിലെ കണ്ടെത്തലുകൾ അംഗീകരിച്ച സർക്കാർ ടിയാന് Rule II(1)of KCS (CC&A) Rules വിവക്ഷിച്ചിട്ടുള്ള കഠിന ശിക്ഷ നൽകാതിരിക്കാൻ കാരണം ബോധിപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 15/09/2012നു മെമ്മോ നൽകി. മെമ്മോയ്ക്കുള്ള ടിയാൻെറ മറുപടി തൃപ്തികരമല്ലാത്തതിനാൽ, ടിയാനെ സർവീസിൽ നിന്നും പിരിച്ചുവിടാതിരിക്കാൻ (removal from service)കാരണം ഉണ്ടെങ്കിൽ ആയത് ബോധിപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 27/08/2013നു കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

എന്നാൽ അപ്രകാരം കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിച്ചപ്പോൾ Rule 15 പ്രകാരം തന്നെ കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്ക നടപടി തീർപ്പാക്കുന്നതിനു പകരം മെമ്മോ ഓഫ് ചാർജ്ജിൽ പറഞ്ഞിരുന്ന ആരോപണങ്ങൾക്കു പുറമേ, ടിയാൻെറ Gr.II ലീഗൽ അസിസ്റ്റൻറ് ആയിട്ടുള്ള നിയമനം തെറ്റായതും നിലനിൽപ്പില്ലാത്തതും ആണ് എന്നും കൂടി ആരോപിച്ചു കൊണ്ട് Rule 36ഉം കൂടി പരാമർശിച്ച് ടിയാനെ സർവീസിൽ നിന്നും നീക്കം ചെയ്യാൻ (remove) ഉദ്ദേശിക്കുന്നതായിട്ടാണ് കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളത്. ഈ കാരണം കാണിക്കൽ നോട്ടീസ് താഴെപ്പറയുന്ന കാരണങ്ങളാൽ നിയമപരമായി നിലനിൽക്കുന്നതല്ല.

എ) നിയമ വകുപ്പിലെ ലീഗൽ അസിസ്റ്റൻറ് ആയിട്ടുള്ള ടിയാൻെറ നിയമനം തെറ്റായതും നിയമ വിരുദ്ധമാണെന്നും ചാർജ്ജു മെമ്മോയിലോ/കുറ്റാരോപണപത്രികയിലോ ഉൾപ്പെടുത്തിയിരുന്നില്ല.

ബി) ഈ കേസിൽ സർക്കാർ തന്നെ അച്ചടക്ക അധികരി ആണെന്നിരിക്കെ KCS(CC&A)Rule 1960യുടെ 36-ാം ചട്ടം കൂടി ബാധകമാക്കിയതിൻെറ പ്രസക്തി അവ്യക്തമാണ്.KCS(CC&A) ചട്ടം.14 പ്രകാരം ഒരു ഉദ്യോഗസ്ഥൻ മറ്റേതെങ്കിലും സർവീസിലേക്ക് മാറിയാൽ തന്നെയും, ടിയാൻെറ മുൻകാല ചെയ്തികൾക്കുള്ള ശിക്ഷ നൽകാനുള്ള അധികാരം ടിയാൻ നിലവിൽ ജോലി നോക്കുന്ന സർവീസിൻെറ നിയമന/അച്ചടക്ക അധികാരിക്കു മാത്രമാണ്. ആകയാൽ, ചട്ടം 36 ഇവിടെ അപ്രസ്ക്തമാണെന്നു കാണാം.

അച്ചടക്ക നടപടി സ്വീകരിക്കുമ്പോൾ കുറ്റാരോപിതനായ ഉദ്യോഗസ്ഥനെതിരെ definite charge frame ചെയ്തിരിക്കണം എന്ന വ്യവസ്ഥ പാലിക്കാതെയാണ് ടിയാൻെറ ലീഗൽ അസിസ്റ്റൻറായിട്ടുള്ള നിയമനം തെറ്റാണെന്ന് ആരോപിച്ചുകൊണ്ട് ശിക്ഷ നിർദ്ദേശിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളത്. ഈ ആരോപണം 05/01/2011ലെ ചാർജ്ജു മെമ്മോയിലോ, കുറ്റാരോപണ പത്രികയിലോ, 15/09/2012ലെ മെമ്മോയിലോ, ഉൾപ്പെടുത്തി കാണുന്നില്ല. ആകയാൽ, ഈ നടപടി മുഴുവൻ അച്ചടക്ക നടപടിയേയും ദുർബലപ്പെടുത്തുന്നതാണ്. ഈ സാഹചര്യത്തിൽ, ഇപ്പോൾ നൽകിയിട്ടുള്ള (27/08/2013ൽ നൽകിയിട്ടുള്ള) കാരണം കാണിക്കൽ നോട്ടീസ് റദ്ദാക്കിക്കൊണ്ട്, definite charge frame ചെയ്തു നൽകിയ 05/01/2011ലെ memoയിൽ കാണിച്ചിട്ടുള്ള കുറ്റാരോപണങ്ങളുടെ അടിസ്ഥാനത്തിലും,അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലും, കാരണം കാണിക്കൽ നോട്ടീസ് പുതുക്കി നൽകി. സർക്കാർ താൽക്കാലികമായി തീരുമാനിച്ചിട്ടുള്ള കഠിന ശിക്ഷ നൽകി അച്ചടക്ക നടപടി തീർപ്പാക്കുന്നതിനു നിയമ തടസ്സം ഇല്ലാത്തതാകുന്നു.

ആയതിനാൽ 27/08/2013ൽ നൽകിയ show cause noticeലെ അധിക ചാർജ്ജുകൾ കൂടി ഉൾപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നെങ്കിൽ, ചർജ്ജുമെമ്മോയും കുറ്റാരോപണ പത്രികയും പുതുക്കി നൽകി, നിയമാനുസൃതമുള്ള മറ്റു നടപടികൾ

കൂടി പാലിച്ചുകൊണ്ടു വേണം അച്ചടക്ക നടപടി തീർപ്പുകൽപ്പിക്കേണ്ടതെന്ന് അറിയിക്കുകയും സർക്കാരിനെ അപ്രകാരം ഉപദേശിക്കുകയും ചെയ്യുന്നു.

അച്ചടക്ക നടപടി തീർപ്പു കൽപിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ഈ ഓഫീസിലേയ്ക്ക് അയച്ചു തരുവാനും ഇതോടൊപ്പം അയക്കുന്ന ബന്ധപ്പെട്ട രേഖകൾ കൈപ്പറ്റിയ വിവരം അറിയിക്കുവാനും താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

**വിത്സൺ ജോർജ്ജ്**
**ജോയിന്റ് സെക്രട്ടറി**
**കേരള പബ്ലിക് സർവീസ് കമ്മീഷൻ**
**സെക്രട്ടറിക്കുവേണ്ടി**

**ഉള്ളടക്കം:-**

1) **എൻക്വയറി റിപ്പോർട്ട് (1-62 പേജുകൾ)**
2) **നടപ്പ് ഫയൽ 23721/Adm.II(2)/2010/Law (1-313 പേജുകൾ)**
3) **ഫയൽ നമ്പർ 16910/ഭരണII(2)2006/നിയമം (1-293 പേജുകൾ)**

GOVERNMENT OF KERALA

Abstract

Law (Admn) Department –Disciplinary action against Sri. Gireesh Kumar G, Assistant Legal Officer, Law Department, Government Secretariat- Now working in deputation as Assistant in Kerala State Human Rights Commission, Thiruvananthapuram- Finalised - Orders issued.

LAW (ADMINISTRATION -II) DEPARTMENT

G.O. (Rt) No. 1058/2016/Law. Dated, Thiruvananthapuram, 20.08.2016

Read:- 1. Order No. E4/12934/97/DME dated 09.11.2001.
2. Order No. E3/11765/2001/DME dated 5.08.2002.
3. Order No. E3/9395/2003/DME dated 24.05.2003.
4. G.O.(Rt)No. 223/05/Law dated 14.03.2005
5. G.O.(Ms.)No.68/08/Law dated 15.07.2008.
6. G.O.(Rt)No. 665/2010/Law dated 29.07.2010
7. No. 23921/Admn II (2)/2010/Law dated 20.12.2010
8. Memo No. 23721/Admn II(2)/10/Law dated 05.01.2011.
9. G.O.(Rt)No.150/2011/Law dated 17.02.2011..
10. No. 23721/Admn II(2)/10/Law dated 23.02.2011
11.No. 23721/Admn II(2)/10/Law dated 15.03.2011.
12. Memo No. 23721/Admn II(2)/10/Law dated 15.09.2012.
13. Memo No. 23721/Admn II(2)/2010/Law dated 27.08.2013
14. Memo No. 23721/Admn II(2)/2010/Law dated 18.08.2014
15. Letter No. A1(3) 10604/14/GW dated 06.01.2016.
16. Memo No. 23721/Admn II(2)/2010/Law dated 9.05.2016
17. Explanation received from Sri.Gireesh Kumar G dated 25.05.2016

**ORDER**

Sri. Gireesh Kumar G entered in Government service on the A.N. of 15.11.2001 as Watchman in the Dental College, Thiruvananthapuram as per 1st paper read above. As per 2nd paper read above, his category had been changed to Peon and he was posted in the Medical College, Thiruvananthapuram. His probation in the category of Peon was declared as per paper read 3rd above. He was interdepartmentally transferred from the Directorate of Medical Education to Law Department and joined duty in the Law Department in the Cadre of Peon on the F.N. of 31.03.2005 as per 4th paper read above.

While working as Peon he secured LL.B Degree from Bharati Vidyapeeth Deemed University, Pune. As per the records, the period of the LL.B Course carried out by Sri. Gireesh Kumar G, Peon Medical Education Department is from May, 2001 to April 2004..

Sri. Gireesh Kumar G secured 8th rank in the Rank List for Legal Assistant Grade II in the category (iii) of Rule 4 (a) (7) of Kerala Secretariat Subordinate Service and was appointed as Legal Assistant Grade II in the Law Department vide 5th paper read above and joined duty in Law Department as Legal Assistant Grade II w.e.f. F.Nof 16.07.2008. As per 6th paper read above his probation was declared satisfactorily in the category of Legal Assistant Grade II w.e.f. the F.N of 16.07.2010.

Later, one Sri. Murali of Balaramapuram, alleged that Sri. Gireesh Kumar G who had studied for LL.B Degree, was awarded degree in 2004 and that he had not availed himself any study leave for that purpose.

A preliminary enquiry in this matter was conducted by the then Law Secretary. Explanation was called for from the delinquent officer. He offered his explanation on 18.12.2010.

He was placed under suspension as per paper read as 7th paper read above Memo of Charges were given to the delinquent officer as per 8th paper read above. He received the same on 06.01.2011. He submitted explanation to the memo of charges on 10.01.2011 in which he admitted that he did not obtain any permission for his study.

A formal enquiry under rule 15 (2) (b) of the KCS (CCA) Rules, 1960 was conducted and Smt. C. Remani, Additional Law Secretary was appointed as Enquiry Officer, as per 9th paper read above. The Enquiry Officer found that there was misconduct and dereliction of duty on the part of the delinquent officer as he had undergone regular course in LL.B without availing himself any leave for study purpose and without obtaining prior permission of the Government.

Considering the representation of the delinquent officer he was reinstated in service w.e.f. 24.02.2011 F.N. as per 10th paper read above, without prejudice to the disciplinary action initiated against him. As per 11th paper read above, the details regarding the pay and allowances drawn and disbursed to the delinquent from 15.11.2001 to 31.05.2004 was sought from the Director of Medical Education and as per letter dated 19.03.2011, the said details were made available by the Director of Medical Education.

As per 12th paper read above Memo of charges was issued to the Sri. Gireesh Kumar G for imposing Major Penalty as contemplated under Rule 11(1) of the KCS (CCA) Rules, 1960.

On 17.12.2012, the then Law Secretary ordered the punishment of reduction in rank of the delinquent officer to the rank of Legal Assistant Grade I for a period of two years from the date of the Order but no formal orders were issued. Then the file was recalled and among other things, it was ordered that the entire proceedings initiated against the delinquent may be cancelled and denovo disciplinary proceedings may be initiated by framing a fresh charge against him.

Consequently Show Cause Notice was served on the delinquent vide 13th paper read above to show cause why the punishment of removal from the civil service of the State Government under rule 36 of the Kerala Civil Services (Classification, Control and Appeal) Rules, 1960 should not be imposed on him, which was received by him on 04.09.2013. The delinquent has produced attested photocopies of the certificates from the Mahatma Gandhi University and Kerala University to the effect that the LL.B Degree issued by the Bharathi Vidyapeeth Deemed University is recognized by that University as qualification for employment and that the degree is recognized by Bar Council of India for the purpose of enrolment as an advocate.

After examining the explanation offered by the delinquent, the then Law Secretary ordered a punishment of removal from service and as per 14th paper read above, Kerala Public Service Commission was consulted under regulation 6(1) of the Kerala Public Service Commission Consultation Regulations.

As per paper read as 15th above, Kerala Public Service Commission pointed out that the charges leveled against the delinquent are grave in nature, warranting punishment and also informed that the Show Cause Notice issued under Rule 36, of KCS(CC &A) Rules for removal of the delinquent officer would not withstand legal scrutiny.

As per 16th paper read above, Show Cause Notice was issued to the delinquent officer to Show Cause as to why the proposed punishment of removal from the Civil Service of State should not be awarded to him on the basis of the Memo of Charges issued by 8th paper read above.

Sri. Gireesh Kumar G has submitted his explanation as per 17th paper read above.

The above facts has been examined in detail with records and prevailing rules.

The allegation that the appointment of Sri. Gireesh Kumar G in the Law Department is erroneous and contrary to law has not been included either in the charge memo or in the Statement of Allegations. While proceeding with the disciplinary action, the condition that definite charge should be framed against the delinquent employee has not been followed in the case of the delinquent. The charge in the Show Cause Notice dated 27.08.2013 that his appointment was erroneous has not been included in the memo of charges dated 05.01.2011 or in the Memo of Charges dated 15.09.2012.

The misconduct alleged is that the delinquent officer studied for regular LL.B course at Pune without getting permission while he was in Government service. He was issued with a charge memo. He admitted that he had studied in the Law College at Pune during the period from 2001 to 2004 without availing permission from Government. In this explanation, he had stated that it was due to ignorance he failed to take permission to continue his studies. It was also stated that when he got employment in Government Service he had already completed the first semester at the Law College at Pune. With regard to the other semesters, he got full exemption for attendance by remitting the prescribed fees. He has produced certificates along with his defence statement. After considering his reply, show cause notice was cancelled and the present show cause notice was issued in May, 2016, apparently under Rule 36 of the Kerala Civil Services (Classification, Control and Appeal) Rules, 1960.

The original enquiry itself was conducted not in accordance with the principles of natural justice. After issuing a charge sheet and conducting an enquiry, when another additional Show Cause Notice is given by incorporating additional charges, a further enquiry ought to have been conducted. Again, in the second show cause notice dated 09.05.2016 same additional allegations were reiterated. There is some impropriety in issuing Show Cause Notice under Rule 36 of the Kerala Civil Services(Classification, Control and Appeal) Rules, 1960

and a grave procedural irregularity occurred in this case. Moreover the disciplinary action initiated against Sri. Gireesh Kumar G was longback in 2010 and six years has been elapsed.

The only delinquency committed by Sri. Gireesh Kumar G is that he resumed his education at Pune in a regular course without getting prior permission of the Government. The Charge has already been admitted. Consequently, there ought not have been any detailed enquiry in this matter.

In the above circumstances, the disciplinary action initiated against Sri. Gireesh Kumar G is finalized by imposing a minor punishment of barring two increments without cumulative effect.

The order regularizing the period of suspension of Sri. Gireesh Kumar G will be issued separately.

By order of the Governor,

B.G. HARINDRANATH
LAW SECRETARY

1. Sri. Gireesh Kumar G, Assistant Legal Officer, Law Department
2. The Accountant General (A&E) Kerala, Thiruvananthapuram
3. The Secretary, Kerala Public Service Commission, Thiruvananthapuram
4. The Secretary, Kerala State Human Rights Commission, Tvpm
5. The Deputy Secretary (Admn)
6. The PA to Law Secretary
7. The C.A to Addl.Law Secretary (Admn)
8. The (Accounts-2) Department
9. Stock file/Office copy

*Forwarded/By Order,*

*Section Officer.*